Std-5

Unit-3

MENTORS KERALA



# 4

# വസ്ത്രത്തിന്റെ നാൾവഴികൾ


സൗമ്യേന്ദ്രൻ കണ്ണംവെള്ളി

ഗവ. ട്രൈബൽ യു. പി. സ്കൂൾ, കണ്ണവം

വ്യത്യസ്ത വർണ്ണങ്ങളിലുള്ളതും പുതുമയുള്ളതുമായ വസ്ത്രങ്ങൾ ധരിക്കുന്നത് നിങ്ങൾക്ക് ഇഷ്ടമാണല്ലോ?

നിങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ടതും പരിചിതമായതുമായ വസ്ത്രങ്ങളുടെ പേരുകൾ എഴുതൂ....

# അവതരണം

കടുത്ത ചൂട്, അസഹനീയമായ തണുപ്പ് എന്നിവ ഈ ജീവികൾ എങ്ങനെയായിരിക്കും അതിജീവിക്കുന്നത്?



## കടുത്ത ചൂട്, അസഹനീയമായ തണുപ്പ് എന്നിവ ഈ ജീവികൾ എങ്ങനെയായിരിക്കും അതിജീവിക്കുന്നത്?



കടുത്ത ചൂട്, അസഹനീയമായ തണുപ്പ് എന്നിവ ഈ ജീവികൾ എങ്ങനെയായിരിക്കും അതിജീവിക്കുന്നത്?



മനുഷ്യന്റെ കുഞ്ഞ് എങ്ങനെയായിരിക്കും കടുത്ത ചൂടിനെയും കടുത്ത തണുപ്പിനെയും അതിജീവിച്ചത്?



മനുഷ്യർക്ക് കടുത്ത ചൂടിനെയും കടുത്ത തണുപ്പിനെയും അതിജീവിക്കാനുള്ള ശാരീരിക പ്രത്യേകതകൾ ഉണ്ടോ?

ചർച്ച

നിഗമനങ്ങൾ നോട്ട്ബുക്കിൽ കുറിക്കൽ.

റാൻഡം അവതരണം.

ചർച്ച

# ക്രോഡീകരണം

മനുഷ്യർക്ക് കട്ടിയുള്ള തവക്കോ മൃഗങ്ങളെപ്പോലെയുള്ള രോമാവരണമോ പക്ഷികൾക്കുള്ളതുപോലെ തൂവലുകളോ ആമയുടേതുപോലെ പുറന്തോടോ ഇല്ലാത്തതിനാൽ പ്രകൃതിയിലെ വസ്തുക്കൾ ആവരണമാക്കി ചൂടിനെയും തണുപ്പിനെയും പ്രതിരോധിച്ചു.

വസ്ത്രം എങ്ങനെയെല്ലാമാണ് മനുഷ്യന് പ്രയോജനപ്പെടുന്നത്?

നിഗമനങ്ങൾ കുറിക്കൽ

അവതരണം

ചർച്ച

# ക്രോഡീകരണം

- തണുപ്പിൽ നിന്നുള്ള സംരക്ഷണം.
- ചൂടിൽ നിന്ന് സംരക്ഷണം.
- ശരീരത്തിലെ ചൂട് നിലനിർത്തുന്നു.
- പ്രാണികളിൽ നിന്ന് സംരക്ഷണം.
- രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു
- നഗ്നത മറക്കുന്നു.
- വൃത്തിയും വെടിപ്പും ഉള്ള വസ്ത്രം ആത്മവിശ്വാസം നൽകുന്നു.
- ചില സാഹചര്യങ്ങളിൽ യൂണിഫോമായും സുരക്ഷാ വസ്ത്രമായും ഉപയോഗിക്കുന്നു.

# പേപ്പർ കപ്പ് ഉപയോഗിച്ചുള്ള പാവ നിർമ്മാണം

## അവതരണം

## പ്രാചീന മനുഷ്യൻ ഏതെല്ലാം വസ്തുക്കൾ ഉപയോഗിച്ചാണ് വസ്ത്രങ്ങൾ രൂപപ്പെടുത്തിയത്?







| |
|---|
| • മരവുരി |
| • |
| • |

- മരവുരി
- വലിയ ഇലകൾ
- മൃഗത്തോൽ

ഈ വസ്തുക്കൾ എവിടെനിന്നാണ്
അവർക്ക് ലഭിച്ചത്?

# പേജ് 52 വായന
# നിഗമനങ്ങൾ രൂപീകരിക്കൽ
# ഗ്രൂപ്പ് അവതരണം
# ചർച്ച

വേട്ടയാടി ജീവിച്ചിരുന്ന കാലത്ത് സ്വന്തം ചുറ്റുപാടുകളിൽ നിന്ന് ലഭിച്ച വസ്തുക്കളായിരുന്നു മനുഷ്യർ വസ്ത്രമാക്കി ഉപയോഗിച്ചിരുന്നത്. പുല്ല്, ഇലകൾ, മരത്തോൽ (മരവുരി), മൃഗങ്ങളുടെ തോൽ എന്നിവ ഉപയോഗിച്ച് വസ്ത്രങ്ങൾ ഉണ്ടാക്കി. മൃഗങ്ങളുടെ കൊമ്പ്, എല്ല് എന്നിവ സൂചികളാക്കി വസ്ത്രനിർമ്മാണത്തിനുള്ള ഉപകരണങ്ങളാക്കി. മിനുസപ്പെടുത്തിയ കല്ലുകളെ ആയുധങ്ങളാക്കി ഉപയോഗിച്ചിരുന്ന കാലഘട്ടത്തിൽ വസ്ത്രങ്ങൾ തുന്നുന്നതിന് കൽസൂചി സഹായിച്ചു. മൃഗങ്ങളുടെ തോൽ, രോമം എന്നിവ വൃത്തിയാക്കിയും മയപ്പെടുത്തിയും അവർ വസ്ത്രമാക്കിയിരുന്നു.



# ക്രോഡീകരണം

വീതിയുള്ള ഇലകളും മൃഗങ്ങളുടെ തോലും മരത്തോലും പ്രാചീന മനുഷ്യൻ വസ്ത്രത്തിനായി ഉപയോഗിച്ചു. പ്രകൃതിയിൽ നിന്ന് അവർ കണ്ടെത്തിയ വസ്തുക്കൾ ഉപയോഗിച്ചാണ് വസ്ത്രധാരണം നടത്തിയത്.കാലം കഴിഞ്ഞപ്പോൾ സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്ന് ലഭിക്കുന്ന നാരുകൾ വസ്ത്ര നിർമ്മാണത്തിന് ഉപയോഗിച്ചു.

ആദിമമനുഷ്യരുടെ വസ്ത്രനിർമ്മാണം ഇന്നത്തേതുപോലെ ആയിരുന്നില്ല. എന്തായിരിക്കും കാരണം?

ഇന്നത്തെപ്പോലെ വസ്ത്ര നിർമ്മാണത്തിന് ആദിമ മനുഷ്യന് കഴിഞ്ഞിരുന്നില്ല. കാരണം വസ്ത്ര നിർമ്മാണത്തിനുള്ള ഉപകരണങ്ങൾ ഇന്നത്തെപ്പോലെ അവർക്ക് ഇല്ലായിരുന്നു. നിർമ്മാണത്തിനുള്ള വസ്തുക്കൾ മയപ്പെടുത്താനോ കൂടുതൽ കൃത്യതയോടെ തുന്നുന്നതിന് സൂചികളോ ഉണ്ടായിരുന്നില്ല. മൃഗങ്ങളുടെ കൊമ്പ്, എല്ല് എന്നീ അപരിഷ്കൃതമായ വസ്തുക്കളാണ് വസ്ത്ര നിർമ്മാണത്തിന് ഉപയോഗിച്ചു പോന്നത്.

ചുവടെ ചേർത്തിട്ടുള്ള പ്രസ്താവനകളിൽ രണ്ടെണ്ണം തെറ്റാണ് അവ ഏതെന്ന് കണ്ടെത്തി എഴുതൂ...

എ )മനുഷ്യന്റെ ആദ്യകാല വസ്ത്രങ്ങളിൽ ഒന്നായിരുന്നു മരവുരി.

ബി )മരവുരി നിർമ്മിക്കുന്നത് മൃഗങ്ങളുടെ തോലിൽ നിന്നാണ്.

സി )മനുഷ്യനൊഴികെയുള്ള ജീവികൾക്ക് വസ്ത്രത്തിന് തുല്യമായ ആവരണം ഉണ്ട്.

ഡി )മൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും മനുഷ്യന് സംരക്ഷണം ഒരുക്കാൻ വസ്ത്രത്തിന് കഴിയുന്നു.

ഇ )മൃഗങ്ങളുടെ എല്ല് ആദിമ മനുഷ്യൻ സൂചിയാക്കി ഉപയോഗിച്ചു.

വ്യത്യസ്ത നിറങ്ങളിലും ഫാഷനിലും ഉള്ള വസ്ത്രങ്ങൾ ധരിക്കാൻ നിങ്ങൾക്കിഷ്ടമാണല്ലോ?ഇന്ന് നമ്മൾ ധരിക്കുന്ന വസ്ത്രങ്ങൾ ഏതുതരം വസ്തുക്കൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്?

ഗ്രൂപ്പിൽ ചർച്ച
നിഗമനങ്ങൾ രേഖപ്പെടുത്തൽ
ഗ്രൂപ്പ് അവതരണം
ചർച്ച

# <u>ക്രോഡീകരണം</u>

ഇന്ന് മനുഷ്യർ വ്യത്യസ്ത തരത്തിലും വർണ്ണത്തിലും ഗുണമേന്മയുള്ള വസ്ത്രങ്ങൾ ഉപയോഗിക്കുന്നു. ഒരു പ്രദേശത്തെ ജനങ്ങൾ ഉപയോഗിക്കുന്ന പ്രധാന തുണിത്തരങ്ങൾ ആ പ്രദേശത്തെ കാലാവസ്ഥയുമായും ഭൂമിശാസ്ത്ര സവിശേഷതകളുമായും ബന്ധപ്പെട്ടിരിക്കുന്നു.

പ്രകൃതിയിലെ ഏതെല്ലാം വസ്തുക്കൾ കൊണ്ടാണ് പഴയകാല മനുഷ്യർ വസ്ത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്?

# ഇന്ന് നാം കാണുന്ന വസ്ത്ര വൈവിധ്യത്തിന് ഒരു ദീർഘകാല ചരിത്രമുണ്ട്.
## ടി. ബി. പേജ് 52 വായന


### നെയ്ത്തുവിദ്യയിലേക്ക്

ചുറ്റുപാടുകളിൽനിന്ന് ശേഖരിച്ച നാരുകളാണ് ആദ്യകാലങ്ങളിൽ വസ്ത്രനിർമ്മാണത്തിനായി ഉപയോഗിച്ചത്.

നാരുകൾ കൂട്ടിച്ചേർത്ത് പിരിച്ച് നീളമുള്ള നൂലുകളാക്കി. ഇത്തരത്തിലുള്ള നൂല് ഉപയോഗിച്ച് തുണിയുണ്ടാക്കുന്ന വിദ്യയാണ് നെയ്ത്ത്.

### സിന്ധുനദീതടത്തിലെ വസ്ത്രം





ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് നിലനിന്നിരുന്ന പ്രാചീന നദീതട സംസ്കാരമാണ് സിന്ധുനദീതട സംസ്കാരം. സിന്ധു ജനത പരുത്തിയും കമ്പിളി വസ്ത്രങ്ങളും നിർമ്മിച്ചിരുന്നതായി, ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാവുന്നതാണ്. അവിടെ നിന്ന് ലഭിച്ച കുപ്പായമണിഞ്ഞ പ്രതിമകൾ അവിടത്തെ ജനതയുടെ വസ്ത്രധാരണരീതിയെ പ്രതിഫലിപ്പിക്കുന്നു. പരുത്തി ഇവിടെ നിന്ന് മറ്റ് ദേശങ്ങളിലേക്ക് കൊണ്ടുപോയിരുന്നതായി കരുതുന്നു.

കാലക്രമേണ തുണി നെയ്തെടുക്കുന്ന വിദ്യ കൂടുതൽ വികാസം പ്രാപിച്ചു. ആദ്യകാലത്ത് പരുത്തിയിൽ നിന്നും ചണത്തിൽ നിന്നും നിർമ്മിച്ച നൂൽ ഉപയോഗിച്ച് കൈകൾകൊണ്ടു മാത്രമാണ് തുണി നിർമ്മിച്ചിരുന്നത്. മൃഗങ്ങളുടെ തോലിനേക്കാൾ മെച്ചപ്പെട്ടതാണ് നൂൽകൊണ്ട് നെയ്തെടുത്ത തുണികൾ എന്ന തിരിച്ചറിവ് നെയ്ത്തു വസ്ത്രങ്ങളുടെ വ്യാപനത്തിന് ഇടയാക്കി. മരംകൊണ്ട് നിർമ്മിച്ച തറികൾ ഉപയോഗിച്ച് തുണി നിർമ്മിക്കുന്ന രീതി പിന്നീട് വികാസം പ്രാപിച്ചു.

വസ്ത്ര വൈവിധ്യത്തിന്റെ ചരിത്രം കുറിപ്പ് തയ്യാറാക്കുക.

ഗ്രൂപ്പ് അവതരണം

ചർച്ച

മരവുരി,ഇലകൾ, മൃഗങ്ങളുടെ തോൽ
എന്നിവയായിരുന്നു ആദ്യമ മനുഷ്യന്റെ
വസ്ത്രം.തുടർന്ന് നൂല് നൽകുന്ന വിദ്യ മനുഷ്യൻ
സ്വായത്തമാക്കി. മൃഗങ്ങളുടെ തോലിനേക്കാൾ
തുണി മെച്ചപ്പെട്ടതാണെന്ന് കണ്ടെത്തി. അതോടെ
കൂടുതൽ തുണി ലഭ്യമാക്കേണ്ട സാഹചര്യം
വന്നു.അത് മരം കൊണ്ട് നിർമ്മിച്ച
തറികളുടെകളുടെയും മറ്റുപകരണങ്ങളെയും
കണ്ടുപിടുത്തത്തിലേക്ക് വഴിതെളിച്ചു

## നെയ്ത്തിന്റെ ചരിത്രം

നെയ്ത്തിന്റെ ചരിത്രത്തിന് മനുഷ്യനാഗരികതയോളം പഴക്കമുണ്ട്. പുരാതനകാലം മുതൽ ആധുനിക കാലഘട്ടംവരെ തുണി ഉൽപാദനവും വസ്ത്രനിർമ്മാണവും ക്രമാനുഗതമായി വികസിച്ചുകൊണ്ടിരുന്നു. കുപ്പായമണിഞ്ഞ സുമേറിയൻ പ്രതിമകളും സൈന്ധവപ്രതിമകളും വസ്ത്രത്തിന്റെ പൈതൃകത്തെ സാക്ഷ്യപ്പെടുത്തുന്നു. ഹരപ്പൻജനത തുണിയിൽ പൂശാൻ പ്രകൃതിദത്ത നിറങ്ങൾ ഉപയോഗിച്ചിരുന്നതായി അനുമാനിക്കുന്നു.

'

# വസ്ത്ര നിർമ്മാണരംഗത്ത് വന്ന മാറ്റങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് പാനൽ ചർച്ച

# ഉപവിഷയങ്ങൾ

ഗ്രൂപ്പ് 1

- നെയ്ത്തു വിദ്യയും മാറ്റവും

ഗ്രൂപ്പ് 2

- പ്രകൃതിദത്ത നാരുകളും കൃത്രിമ നാരുകളും

ഗ്രൂപ്പ് 3

- കൈത്തറിയുടെ കണ്ടുപിടിത്തം

ഗ്രൂപ്പ് 4

- പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തം (സ്പിന്നിങ് ജെന്നി, യന്ത്രത്തറി)

ഗ്രൂപ്പ് 5

- സമൂഹത്തിൽ വന്ന മാറ്റവും വസ്ത്രനിർമ്മാണവും

# പാനൽ ചർച്ച

# ഗ്രൂപ്പ് -1വായനാസാമഗ്രി വായിച്ച് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

## നെയ്ത്തുവിദ്യയിലേക്ക്

ചുറ്റുപാടുകളിൽനിന്ന് ശേഖരിച്ച നാരുകളാണ് ആദ്യകാലങ്ങളിൽ വസ്ത്രനിർമ്മാണത്തിനായി ഉപയോഗിച്ചത്.


നാരുകൾ കൂട്ടിച്ചേർത്ത് പിരിച്ച് നീളമുള്ള നൂലുകളാക്കി. ഇത്തരത്തിലുള്ള നൂല് ഉപയോഗിച്ച് തുണിയുണ്ടാക്കുന്ന വിദ്യയാണ് നെയ്ത്ത്.



### സിന്ധുനദീതടത്തിലെ വസ്ത്രം

ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് നിലനിന്നിരുന്ന പ്രാചീന നദീതട സംസ്കാരമാണ് സിന്ധുനദീതട സംസ്കാരം. സിന്ധു ജനത പരുത്തിയും കമ്പിളി വസ്ത്രങ്ങളും നിർമ്മിച്ചിരുന്നതായി, ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാവുന്നതാണ്. അവിടെ നിന്ന് ലഭിച്ച കുപ്പായമണിഞ്ഞ പ്രതിമകൾ അവിടത്തെ ജനതയുടെ വസ്ത്രധാരണരീതിയെ പ്രതിഫലിപ്പിക്കുന്നു. പരുത്തി ഇവിടെ നിന്ന് മറ്റ് ദേശങ്ങളിലേക്ക് കൊണ്ടുപോയിരുന്നതായി കരുതുന്നു.





കാലക്രമേണ തുണി നെയ്തെടുക്കുന്ന വിദ്യ കൂടുതൽ വികാസം പ്രാപിച്ചു. ആദ്യകാലത്ത് പരുത്തിയിൽ നിന്നും ചണത്തിൽ നിന്നും നിർമ്മിച്ച നൂൽ ഉപയോഗിച്ച് കൈകൾകൊണ്ടു മാത്രമാണ് തുണി നിർമ്മിച്ചിരുന്നത്. മൃഗങ്ങളുടെ തോലിനേക്കാൾ മെച്ചപ്പെട്ടതാണ് നൂൽകൊണ്ട് നെയ്തെടുത്ത തുണികൾ എന്ന തിരിച്ചറിവ് നെയ്ത്തുവസ്ത്രങ്ങളുടെ വ്യാപനത്തിന് ഇടയാക്കി. മരംകൊണ്ട് നിർമ്മിച്ച തറികൾ ഉപയോഗിച്ച് തുണി നിർമ്മിക്കുന്ന രീതി പിന്നീട് വികാസം പ്രാപിച്ചു.

# എന്താണ് നെയ്ത്ത്?

നാരുകൾ കൂട്ടിച്ചേർത്ത് പിരിച്ച് നീളമുള്ള നൂലുകളാക്കി. ഇത്തരത്തിലുള്ള നൂല് ഉപയോഗിച്ച് തുണിയുണ്ടാക്കുന്ന വിദ്യയാണ് നെയ്ത്ത്

നെയ്ത്ത് വസ്ത്രങ്ങളുടെ
വ്യാപനത്തിന് ഇടയാക്കിയ
സാഹചര്യമെന്ത്?

മൃഗങ്ങളുടെ തോലിനേക്കാൾ മെച്ചപ്പെട്ടതാണ് നൂൽ കൊണ്ട് നെയ്തെടുത്ത തുണികൾ എന്ന തിരിച്ചറിവാണ് നെയ്ത്തു വസ്ത്രങ്ങളുടെ വ്യാപനത്തിന് ഇടയാക്കിയത്.

# ഗ്രൂപ്പ് -2 വായനാസാമഗ്രി വായിച്ച് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

വസ്ത്രനിർമ്മാണത്തിന് പ്രകൃതിദത്ത നാരുകളും കൃത്രിമ നാരുകളും ഉപയോഗിക്കുന്നു. ജന്തുക്കളിൽ നിന്നും സസ്യങ്ങളിൽ നിന്നുമാണ് പ്രകൃതിദത്ത നാരുകൾ ഉൽപാദിപ്പിക്കുന്നത്. കൃത്രിമ നാരുകളുടെ കണ്ടുപിടിത്തം വ്യത്യസ്തഘടനയും ഗുണമേന്മയുമുള്ള തുണിത്തരങ്ങളുടെ നിർമ്മാണത്തിലേക്ക് വഴിതെളിച്ചു. പോളിസ്റ്റർ, നൈലോൺ തുടങ്ങിയ കൃത്രിമ നാരുകളുടെ ഉപയോഗം കൂടുതൽ ഈടുനിൽക്കുന്നതും ചെലവ് കുറഞ്ഞതുമായ വസ്ത്രനിർമ്മാണത്തിന് സഹായിച്ചു.

# ഗ്രൂപ്പ് -2 വായനാസാമഗ്രി വായിച്ച് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

**വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്ന നാരുകൾ**

### പ്രകൃതിദത്ത നാരുകൾ

ജന്തുക്കളിൽ നിന്ന്

*ഉദാഹരണം*

ചെമ്മരിയാടിൽ നിന്ന് കമ്പിളി നാരും പട്ടുനൂൽ പുഴുവിൽ നിന്ന് പട്ടിന്റെ നാരും നിർമ്മിക്കുന്നു.

സസ്യങ്ങളിൽ നിന്ന്

*ഉദാഹരണം*

പരുത്തി, ചണം ചെടികളിൽ നിന്ന് യഥാക്രമം പരുത്തിനാരും ചണനാരും നിർമ്മിക്കുന്നു.

### കൃത്രിമ നാരുകൾ

പെട്രോളിയം പോലുള്ള രാസവസ്തുക്കളിൽ നിന്നാണ് കൃത്രിമ നാരുകൾ ഉൽപാദിപ്പിക്കുന്നത്. പ്രകൃതിദത്ത നാരുകളെക്കാൾ കൃത്രിമ നാരുപയോഗിച്ചുള്ള തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പൊതുവേ ചെലവ് കുറവാണ്. പെട്ടെന്ന് ചുളിവുണ്ടാവില്ല എന്ന മേന്മയും ഇതിനുണ്ട്.

*ഉദാഹരണം*

പോളിസ്റ്റർ, നൈലോൺ, റയോൺ എന്നിവ

## വസ്ത്രനിർമ്മാണത്തിലെ നാരുകൾ

പരുത്തി ഒരു മൃദുവായ സസ്യനാരാണ്. നാം ഉപയോഗിക്കുന്ന എല്ലാ തുണിത്തരങ്ങളിലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ പരുത്തി അടങ്ങിയിരിക്കുന്നു.

- ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പ്രകൃതിദത്ത നാരാണ് പരുത്തി.
- പരുത്തി കഴിഞ്ഞാൽ കൂടുതൽ ഉപയോഗിക്കുന്നത് ലിനൻ വസ്ത്രങ്ങളാണ്. ഫ്ലാക്സ് ചെടിയുടെ നാരുകളിൽ നിന്നാണ് ലിനൻ നിർമ്മിക്കുന്നത്.
- മറ്റൊരു കൃത്രിമ തുണിത്തരമാണ് പോളിസ്റ്റർ
- ഒരു ചെടിയുടെ നാരിന്റെ മറ്റൊരു ഉദാഹരണമാണ് സിൽക്ക്/പട്ട്. ഈ നാര് പ്രാണികളുടെ ലാർവയിൽ നിന്നാണ് ഉൽപാദിപ്പിക്കുന്നത്.

വിവിധതരം തുണിത്തരങ്ങൾ

| | | |
|---|---|---|
| പരുത്തി | സിൽക്ക് | പോളിസ്റ്റർ |
| കമ്പിളി | തുകൽ | ലിനൻ |
| റയോൺ | സാറ്റിൻ | വെൽവറ്റ് |
| മസ്ലിൻ | സിന്തറ്റിക് | |

## പട്ടുനൂൽ വസ്ത്രം

പ്രകൃതിദത്തമായ ഒരു മാംസ്യനാരാണ് സിൽക്ക് അഥവാ പട്ട്. പട്ടുനൂൽപ്പുഴുവിന്റെ കൊക്കൂണിൽ നിന്നെടുക്കുന്ന അസംസ്കൃതപട്ടിനെ നൂറ്റ് നൂലാക്കിയാണ് പട്ടുവസ്ത്രങ്ങൾ നെയ്യുന്നത്. ഭാരക്കുറവ് കൊണ്ടും പകിട്ടും തിളക്കവും ഉള്ളതുകൊണ്ടും പട്ടുവസ്ത്രങ്ങൾക്ക് ആധുനിക കാലഘട്ടത്തിലും ആവശ്യക്കാരേറെയുണ്ട്.

# എന്താണ് പ്രകൃതിദത്ത നാരുകൾ?

ജന്തുക്കളിൽ നിന്നും സസ്യങ്ങളിൽ നിന്നും നിർമ്മിക്കുന്ന നാരുകളാണ് പ്രകൃതിദത്തനാരുകൾ.

ജന്തുക്കൾ നിന്ന് - കമ്പിളിനാര്,പട്ടിന്റെ നാര്

സസ്യങ്ങളിൽ നിന്ന്- പരുത്തി നാര്,ചണ നാര്

# എന്താണ് കൃത്രിമ നാരുകൾ?

പെട്രോളിയം പോലുള്ള രാസവസ്തുക്കളിൽ നിന്നും കൃത്രിമമായി നിർമ്മിക്കുന്നവയാണ് കൃത്രിമ നാരുകൾ

ഉദാ : പോളിസ്റ്റർ, നൈലോൺ,റയോൺ

# ഗ്രൂപ്പ് -3 വായനാസാമഗ്രി വായിച്ച് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

മനുഷ്യരുടെ വസ്ത്രാവശ്യം വർധിച്ചത് നെയ്ത്ത് ഉപകരണങ്ങളുടെ കണ്ടുപിടിത്തത്തിന് വഴിതെളിച്ചു. ഇത് നെയ്ത്ത് വേഗത്തിലാക്കാൻ സഹായിച്ചു. നൂൽ ഉപയോഗിച്ച് കൈത്തറിയിൽ നെയ്യുന്ന തുണികളാണ് കൈത്തറിതുണികൾ.



ആദ്യകാല നൂൽനൂല്പ് യന്ത്രം



കൈത്തറി

കൈത്തറിയുടെ കണ്ടുപിടിത്തം വസ്ത്രനിർമ്മാണരംഗത്ത് മുന്നേറ്റം ഉണ്ടാക്കി. നീലം (Indigo) ചെടിയിൽ നിന്ന് ഉണ്ടാക്കിയ ചായം കൊണ്ട് വസ്ത്രങ്ങൾക്ക് നിറം നൽകി. കാലക്രമേണ, തുണി നെയ്യുന്ന വിദ്യ കൂടുതൽ പ്രചാരത്തിലായി.



പരുത്തി (Cotton)





ലോകവ്യാപകമായി വസ്ത്രങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വസ്തുവാണ് പരുത്തി. പരുത്തിച്ചെടിയിൽ നിന്ന് ലഭിക്കുന്ന പഞ്ഞി നൂലാക്കിയാണ് വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പ്രാചീനകാലം മുതൽ ഇന്ത്യയിൽ പരുത്തി കൃഷി ചെയ്തിരുന്നു.



ചണം (Jute)

ചണച്ചെടിയിൽ നിന്നാണ് ചണം ഉൽപാദിപ്പിക്കുന്നത്. ഒരു പ്രകൃതിദത്ത നാരാണ് ചണം. ലോകത്ത് ചണം കൃഷിയുടെ ഭൂരിഭാഗവും ഇന്ത്യയിലെ ഫലഭൂയിഷ്ഠമായ ഗംഗാതീരത്താണ്. വിദേശികൾ തുണിവ്യവസായത്തിനായി ഇന്ത്യയിൽ നിന്ന് ധാരാളമായി ചണം കൊണ്ടുപോയിരുന്നു.

# ഓർമയിൽ സൂക്ഷിക്കാം

ലോകത്ത് ചണം
കൃഷിയുടെ
ഭൂരിഭാഗവും
ഇന്ത്യയിലെ
ഫലഭൂയിഷ്ടമായ
ഗംഗാതീരത്താണ്.









നീലം ചെടി (Indigo)

ആദ്യകാലങ്ങളിൽ വസ്ത്രങ്ങൾക്ക് നിറം കൊടുക്കാൻ നീലം ചെടിയിൽ നിന്നുണ്ടാക്കുന്ന ചായം ഉപയോഗിച്ചിരുന്നു. പിന്നീട് നീലത്തിൽ വിവിധ കൂട്ടുകൾ ചേർത്താണ് വ്യത്യസ്തങ്ങളായ നിറങ്ങൾ ഉണ്ടാക്കിയിരുന്നത്.

നമ്മുടെ നാട്ടിലും നിരവധി കൈത്തറി കേന്ദ്രങ്ങളുണ്ട്. കണ്ണൂർ, തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, തൃശൂർ ജില്ലയിലെ കുത്താമ്പുള്ളി എന്നിവ പ്രധാന കൈത്തറി കേന്ദ്രങ്ങളാണ്.



കൈത്തറി വസ്ത്രങ്ങൾ

# ഓർമയിൽ സൂക്ഷിക്കാം

കണ്ണൂർ, തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, തൃശൂർ ജില്ലയിലെ കുത്താമ്പുള്ളി എന്നിവ പ്രധാന കൈത്തറി കേന്ദ്രങ്ങളാണ്



# ഓർമയിൽ സൂക്ഷിക്കാം

<u>*ആഗസ്ത് -7*</u>

## ദേശീയ കൈത്തറി ദിനം



# ഗ്രൂപ്പ് -4 വായനാസാമഗ്രി വായിച്ച് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

ശാസ്ത്രപുരോഗതി വസ്ത്രനിർമ്മാണരംഗത്ത് പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തിന് കാരണമായി. ചിത്രത്തിൽ കാണുന്ന സ്പിന്നിംഗ് ജെന്നി അത്തരത്തിലൊന്നാണ്.



## സ്പിന്നിംഗ് ജെന്നി (Spinning Jenny)

ജെയിംസ് ഹാർഗ്രീവ്സാണ് സ്പിന്നിംഗ് ജെന്നി കണ്ടുപിടിച്ചത്. കൈകൊണ്ടുള്ള നൂൽ ഉൽപാദനം അക്കാലത്തെ വസ്ത്രവ്യവസായ ആവശ്യത്തിന് തികയുമായിരുന്നില്ല. സ്പിന്നിംഗ് ജെന്നിയുടെ കണ്ടുപിടിത്തം നൂൽ ഉൽപാദനം വേഗത്തിലാക്കി.

# സ്പിന്നിങ് ജന്നി -ജെയിംസ് ഹാർഗ്രീവ്സ്



ജനസംഖ്യയിലെ വർധനവ് വസ്ത്രത്തിന്റെ ആവശ്യകത വർധിപ്പിച്ചു. പുതിയ യന്ത്രങ്ങൾ നെയ്ത്തുവിദ്യയുടെ ഭാഗമായി. അവ മനുഷ്യപ്രയത്നം കുറച്ചു. കൈത്തറിയുടെ സ്ഥാനത്ത് യന്ത്രത്തറി വന്നു.



**യന്ത്രത്തറി (Powerloom)**

എഡ്മണ്ട് കാർട്ട്റൈറ്റാണ് യന്ത്രത്തറി കണ്ടുപിടിച്ചത്. വൈദ്യുതിയുടെയോ മറ്റേതെങ്കിലും ഊർജസ്രോതസ്സിന്റെയോ സഹായത്താലാണ് യന്ത്രത്തറി പ്രവർത്തിപ്പിക്കുന്നത്. കൈത്തറിയെക്കാൾ വളരെ വേഗത്തിൽ കൂടുതൽ തുണി ഉൽപാദിപ്പിക്കാൻ യന്ത്രത്തറിക്ക് കഴിയും.

# ഓർമയിൽ സൂക്ഷിക്കാം

യന്ത്രത്തറി കണ്ടുപിടിച്ചത് എഡ്മണ്ട് കാർട്ട്റൈറ്റാണ്.





യന്ത്രവൽകൃത വസ്ത്രനിർമാണം

യന്ത്രവൽക്കരണത്തിന്റെ ഫലമായി കൂടുതലായി ഉൽപാദിപ്പിച്ച തുണികൾ വിറ്റഴിക്കാൻ കമ്പോളങ്ങൾ തേടി യൂറോപ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സഞ്ചരിച്ചു. കൂട്ടത്തിൽ അവർ ഇന്ത്യയിലും എത്തി. തുണിവ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഇന്ത്യയിൽ നിന്ന് അവർ യൂറോപ്പിലേക്ക് കൊണ്ടുപോയി. യന്ത്രങ്ങളുടെ സഹായത്തോടെ അവിടെ ഉൽപാദിപ്പിച്ച തുണികൾ ഇന്ത്യയിലെത്തിച്ച് വിറ്റഴിച്ചു.

## യൂറോപ്യർ

ഭൂമിയിലെ ഏഴുവൻകരകളിലൊന്നാണ് യൂറോപ്പ്. ഈ വൻകരയിലുള്ള ജനതയെയാണ് യൂറോപ്യർ എന്ന് വിളിക്കുന്നത്. യൂറോപ്പിൽ നിന്നും കച്ചവടത്തിനായി ഇന്ത്യയിൽ എത്തിയവരാണ് പോർച്ചുഗീസുകാർ (പോർച്ചുഗൽ), ഡച്ചുകാർ (നെതർലൻഡ്സ്), ഇംഗ്ലീഷുകാർ (ഇംഗ്ലണ്ട്), ഫ്രഞ്ചുകാർ (ഫ്രാൻസ്) എന്നിവർ. ഇന്ത്യയെ കോളനിയാക്കി മാറ്റിയ അവർ ഇവിടെനിന്നുള്ള അസംസ്കൃത വസ്തുക്കൾ അവരുടെ ദേശങ്ങളിലേക്ക് കൊണ്ടുപോയി. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാലം ഇന്ത്യയെ കോളനിയാക്കി വച്ചിരുന്നത് ഇംഗ്ലീഷുകാരാണ്.

# ഗ്രൂപ്പ് -5 വായനാസാമഗ്രി വായിച്ച് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

സമൂഹത്തിൽ വന്ന മാറ്റങ്ങളും വസ്ത്രനിർമ്മാണത്തെ കാര്യമായി സ്വാധീനിച്ചു. വസ്ത്രങ്ങളുടെ ആവശ്യകതയിൽ ഉണ്ടായ വർധനവ് കൂടുതൽ നവീനമായ നെയ്ത്തുയന്ത്രങ്ങളുടെ വികാസത്തിന് വഴിതെളിച്ചു. യന്ത്രങ്ങളുടെ സഹായത്തോടെ ഉൽപാദനം വർധിച്ചു. ഗുണമേന്മയുള്ളതും വൈവിധ്യമാർന്നതുമായ വസ്ത്രങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തി. വസ്ത്രങ്ങൾക്ക് നിറം നൽകാൻ കൃത്രിമ ചായങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.



വൈവിധ്യമാർന്ന വസ്ത്രങ്ങളും തുണികളും

നമ്മൾ ഇന്ന് ഉപയോഗിക്കുന്ന ഭൂരിഭാഗം വസ്ത്രങ്ങളിലും കാണുന്ന വർണ്ണവൈവിധ്യം ഇത്തരത്തിലുള്ള ചായങ്ങൾ ചേർത്ത് ഉണ്ടാക്കുന്നതാണ്.

യന്ത്രങ്ങൾ ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങിയതോടെ ആ രംഗത്തുണ്ടായ ഗുണപരമായ മാറ്റങ്ങൾ ശ്രദ്ധിക്കൂ.

**യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങൾ**

- വസ്ത്ര ഉൽപാദനത്തിലെ വർധനവ്
- മനുഷ്യരുടെ അധ്വാനഭാരത്തിലെ കുറവ്
- വസ്ത്രങ്ങളിലെ വൈവിധ്യം
- ഗുണമേന്മയുള്ള വസ്ത്രങ്ങൾ
- വസ്ത്രങ്ങളുടെ വ്യാപനം
- 
- 



യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്യൂ.

യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമാണത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെ?

ചർച്ച

- വസ്ത്ര വ്യാപനം
- വസ്ത്ര വൈവിധ്യം
- ഗുണമേന്മ
- അധ്വാന ഭാരത്തിൽ ഉണ്ടായ കുറവ്
- വസ്ത്ര ഉല്പാദനത്തിലെ വർദ്ധനവ്
- പുതിയ ഡിസൈനുകൾ

പ്രകൃതിജന്യ നാരുകൾ ഏതൊക്കെ ജീവികളിൽ നിന്നും സസ്യങ്ങളിൽനിന്നുമാണ് ഉൽപാദിപ്പിക്കുന്നതെന്ന് കണ്ടെത്തി പട്ടിക പൂർത്തീകരിക്കൂ...

| | |
|---|---|
| കമ്പിളി | ................................ |
| പട്ട് | പട്ടുനൂൽപ്പുഴു |
| പരുത്തി | പരുത്തിച്ചെടി |
| ചണം | ................................ |

പാഴ്തുണിക്കഷണങ്ങൾ ശേഖരിക്കൽ

പ്രകൃതിദത്ത നാരുകളും കൃത്രിമനാരുകളും കൊണ്ടുണ്ടാക്കിയ തുണികൾ വേർതിരിച്ച് ചാർട്ടിൽ ഒട്ടിക്കൽ

ചുവടെ ചേർത്തിട്ടുള്ള വസ്തുതകൾ കാലഗണന യ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതൂ...

1.നീലം ചെടി ഉപയോഗിച്ച് വസ്ത്രങ്ങൾക്ക് നിറം നൽകി.
2.മൃഗങ്ങളുടെ തോൽ ഉപയോഗിച്ചു.

3. മരം കൊണ്ടുള്ള തറികൾ ഉപയോഗിച്ചു.

4. പരുത്തി,ചണം എന്നിവയുടെ നൂലിൽ നിന്നും കൈകൊണ്ട് തുണി നിർമ്മിച്ചു.

5. നെയ്ത്ത് ഉപകരണങ്ങൾ ഉപയോഗിച്ച് തുടങ്ങി.

1. മൃഗങ്ങളുടെ തോൽ ഉപയോഗിച്ചു.

2. പരുത്തി,ചണം എന്നിവയുടെ നൂലിൽ നിന്നും കൈകൊണ്ട് തുണി നിർമ്മിച്ചു.

3. മരം കൊണ്ടുള്ള തറികൾ ഉപയോഗിച്ചു.

4. നെയ്ത്ത് ഉപകരണങ്ങൾ ഉപയോഗിച്ച് തുടങ്ങി.

5. നീലം ചെടി ഉപയോഗിച്ച് വസ്ത്രങ്ങൾക്ക് നിറം നൽകി.

# പ്രവർത്തനക്കാർഡ് -1

## <u>തുടർപ്രവർത്തനം</u>

നിങ്ങളുടെ പ്രദേശത്തെ ഏതെങ്കിലും കൈത്തറി കേന്ദ്രം സന്ദർശിച്ച് അവിടുത്തെ വസ്ത്ര നിർമ്മാണ രീതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.

ഓരോ കാലാവസ്ഥയ്ക്കും അനുയോജ്യമായ വസ്ത്രം അല്ലേ നാം ധരിക്കുന്നത്? വസ്ത്രധാരണത്തിലെ വ്യത്യാസത്തിന് കാരണം കാലാവസ്ഥ മാത്രമാണോ?

# ചിത്രനിരീക്ഷണം
# ഏത് സാഹചര്യങ്ങളിലാണ് ഈ വസ്ത്രം ഉപയോഗിക്കുന്നത്?



# പട്ടിക പൂർത്തിയാക്കൂ...

| കാലാവസ്ഥ | രോഗപ്രതിരോധം | അധികാരം/പദവി | തൊഴിൽ |
|---|---|---|---|
| 1 | | | |


# ക്രോഡീകരണം

വസ്ത്രധാരണത്തിലെ വ്യത്യാസത്തിന് കാലാവസ്ഥ മാത്രമല്ല തൊഴിൽ, അധികാരസ്ഥാനങ്ങൾ/ പദവി,ആചാരം, പ്രാദേശിക വ്യത്യാസം തുടങ്ങിയവയും കാരണമാകുന്നു. വസ്ത്രം മാത്രമല്ല വസ്ത്രത്തോടൊപ്പം ധരിക്കുന്ന ആഭരണങ്ങൾ, തൊപ്പികൾ, പാദരക്ഷകൾ എന്നിവയിലെല്ലാം വൈവിധ്യം കാണാം.

വിവിധ സാഹചര്യങ്ങളിലെ വസ്ത്രധാരണത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ.

# കലാരംഗത്ത് വസ്ത്രധാരണത്തിൽ വ്യത്യാസങ്ങളുണ്ടോ?

# ചിത്രനിരീക്ഷണം






തന്നിരിക്കുന്ന ചിത്രങ്ങളിലെ വസ്ത്രാലങ്കാരങ്ങൾ നിരീക്ഷിച്ച് അവ ഏതേത് കലാരൂപങ്ങളുടേതാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

- 
- 
- 
- 
- 
- 

# കഥകളി



# തെയ്യം



# മോഹിനിയാട്ടം



# കേരളനടനം



# ഒപ്പന



# ചവിട്ടുനാടകം



# വിവിധ കലാരൂപങ്ങളിലെ വസ്ത്ര വൈവിധ്യത്തെക്കുറിച്ച് ചർച്ച കുറിപ്പ് തയ്യാറാക്കൽ

# <u>തുടർപ്രവർത്തനം</u>


വ്യത്യസ്ത കലകളുടെ ചിത്രങ്ങൾ ശേഖരിച്ച് 'കലയിലെ വസ്ത്ര വൈവിധ്യം ' എന്ന ആൽബം തയ്യാറാക്കുക

## *തുടർപ്രവർത്തനം*

'ഇന്ത്യൻ സംസ്ഥാനങ്ങളിലെ വസ്ത്ര വൈവിധ്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രവൈവിധ്യത്തിന്റെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

# വ്യക്തിഗത വായന

## വസ്ത്രധാരണത്തിലെ വിവേചനങ്ങൾ



ശ്രീ ഉത്രം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്.

നമ്പർ-17൦. M. E. 1034. A. D. 1859.


ശ്രീപത്മനാഭദാസ വഞ്ചിബാല മാർത്താണ്ഡ
വർമ്മ കുലശേഖരകിരീടപതി മന്നെ
സുൽത്താൻ മഹാരാജരാജ രാമരാ
ജ രാമരാജബഹദൂർ ഷംശെർ
ജംഗ് മഹാരാജാ അവർകൾ
സകലമാനപേർക്കും പ്രസിദ്ധ
പ്പെടുത്തുന്ന വിളംബരം.

ചാന്നാട്ടികളിടെ മേലിൽശീല സംഗതിയെക്കുറിച്ചു ൧൦൦൫-മാണ്ടു മകരമാസം ൩൯-നു ചെയ്തിട്ടുള്ള വിളംബരത്തിലെ നിബന്ധനകളെക്കൊണ്ടു സങ്കടം ഉള്ളതായി നാം അറിവാൻ ഇടവന്നിരിക്കകൊണ്ടും എല്ലാ [illegible] സങ്കടംകൂടാതെ കഴിയുന്നെടത്തോളവും നടത്തിക്കണമെന്നു നമുക്ക വളരെ മനസായിരിക്കകൊണ്ടും ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നത എന്തെന്നാൽ —

ക്രിസ്തുമതത്തിൽ ചേർന്നിരിക്കുന്ന ചാന്നാട്ടികളെപ്പോലെ ശേഷം ചാന്നാട്ടികളും കുപ്പായം ഇട്ടുകൊള്ളുകയോ മുക്കവത്തികളെപ്പോലെ എല്ലാ മതത്തിൽ ഉള്ള ചാന്നാട്ടികളും കട്ടിത്തുണികൊണ്ടു ഉടുത്തുകെട്ടിക്കൊള്ളുകയോ [illegible] സ്ത്രീകളെപ്പോലെ അല്ലാതെ മറ്റു എതുവിധത്തിൽ എങ്കിലും മാറു മറച്ചുകൊള്ളുകയോ ചെയ്യുന്നതിനു വിരോധം ഇല്ലായ്കകൊണ്ടു ഈ വിവരം സകലമാനപേരും അറിഞ്ഞു നടന്നുകൊള്ളുകയും വേണം.

എന്നു ൧൦൩൪-മാണ്ടു കർക്കടകമാസം ൧൧-നു.

# വിളംബരത്തിൽ നിന്നും എന്താണ് മനസ്സിലായത്?



അന്ന് നിലനിന്നിരുന്ന ജാതിവ്യവസ്ഥ ചില വിഭാഗം ജനങ്ങളെ ഇഷ്ടപ്പെട്ട വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്ന് തടഞ്ഞിരുന്നു

## തിരുവിതാംകൂർ

തെക്കൻ കേരളത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും മധ്യകേരളത്തിലെ ചെറിയൊരു ഭാഗവും ഇന്ന് തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയും ഉൾപ്പെട്ട നാട്ടുരാജ്യമായിരുന്നു തിരുവിതാംകൂർ. പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്താണ് തിരുവിതാംകൂർ നാട്ടുരാജ്യം വിസ്തൃതി പ്രാപിച്ചത്. 1956 ൽ കേരള സംസ്ഥാനരൂപീകരണത്തോടെ ഈ നാട്ടുരാജ്യം കേരള സംസ്ഥാനത്തിന്റെ ഭാഗമായി.

## മേൽമുണ്ട് സമരം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തെക്കൻ തിരുവിതാംകൂറിൽ സ്ത്രീകൾ മാറുമറയ്ക്കുന്നതിന് വേണ്ടി നടത്തിയ സമരമാണ് മേൽമുണ്ട് സമരം. അക്കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ടവരെന്ന് പറയപ്പെട്ട സ്ത്രീകൾക്ക് മാത്രമേ മേൽവസ്ത്രം ധരിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. താഴ്ന്ന ജാതിക്കാരായി കരുതപ്പെട്ടിരുന്ന വിഭാഗങ്ങളിലെ സ്ത്രീകൾക്ക് മേൽജാതിക്കാരുടെ മുന്നിൽ മാറ് മറയ്ക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ഇതിനെതിരെ 19 ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഈ അവകാശം നേടിയെടുക്കുന്നതിനായി നടത്തിയ സമരമാണ് മേൽമുണ്ട് സമരം.

വസ്ത്രധാരണത്തിൽ നിലനിന്നിരുന്ന അവകാശനിഷേധങ്ങളെക്കുറിച്ച് ചർച്ച

# എന്താണ് മേൽമുണ്ട് സമരം?

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തെക്കൻ തിരുവിതാംകൂറിൽ മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി സ്ത്രീകൾ നടത്തിയ സമരമാണ് മേൽമുണ്ട് സമരം



ഇന്നത്തെ വസ്ത്രധാരണ രീതിയെക്കുറിച്ച് എന്താണ് അഭിപ്രായം? ഏതെങ്കിലും സന്ദർഭത്തിലെ വസ്ത്രധാരണ രീതിയിൽ മാറ്റം വേണ്ടതുണ്ടോ?

വ്യത്യസ്ത അഭിപ്രായക്കാരെ ഗ്രൂപ്പാക്കി സംവാദം സംഘടിപ്പിക്കുന്നു.

ചില സന്ദർഭങ്ങളിലെങ്കിലും
വസ്ത്രധാരണ രീതിയിൽ
കാലോചിതമായ മാറ്റം അനിവാര്യമാണ്.

ചൂഷണത്തിനെതിരെ വസ്ത്രം ഒരു സമരായുധമായി കഴിഞ്ഞ കാലത്ത് ഉപയോഗിച്ചിരുന്നില്ലേ?

# പേജ് 60,61 വായന

## വസ്ത്രം ഒരു സമരായുധം

പലതരം ചൂഷണങ്ങൾക്കെതിരെ ഒരു സമരായുധമായി വസ്ത്രത്തെ കഴിഞ്ഞ കാലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന പോരാട്ടങ്ങൾ.

ഖാദിയും ചർക്കയും നൂൽനൂൽപ്പും വിദേശവസ്ത്ര ബഹിഷ്കരണവും ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാക്കി. ചർക്കയിൽ നൂൽനൂറ്റുണ്ടാക്കുന്ന ഖാദിവസ്ത്രങ്ങളെയാണ് ഗാന്ധിജി പ്രോത്സാഹിപ്പിച്ചത്. ഖാദിവസ്ത്രങ്ങൾ ധരിക്കുവാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇത്തരത്തിൽ സ്വദേശി വസ്ത്രങ്ങൾ നിർമ്മിച്ച്, ഉപയോഗിച്ചുകൊണ്ട് വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കാനാണ് ഗാന്ധിജി ആവശ്യപ്പെട്ടത്.



ഇന്ത്യൻ ജനത വിദേശവസ്തുങ്ങൾ ബഹിഷ്കരിച്ച് നശിപ്പിക്കുന്നു



ചർക്കയിൽ നൂൽ നൂൽക്കുന്ന ഗാന്ധിജി

വസ്ത്രത്തെയും വസ്ത്രധാരണത്തെയും സമരായുധമാക്കിക്കൊണ്ട് അദ്ദേഹം സ്വാതന്ത്ര്യ സമരം ഒരു ബഹുജന പ്രക്ഷോഭമാക്കി മാറ്റി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രതീകമായി ചർക്ക മാറി. ഖാദിവസ്ത്രം ധരിക്കലും ഖാദിത്തൊപ്പി അണിയലും ദേശാഭിമാനത്തിന്റെ അടയാളമായി.



## സ്വദേശി പ്രസ്ഥാനം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി 1905 ആഗസ്റ്റ് 7 നാണ് സ്വദേശി പ്രസ്ഥാനം ആരംഭിച്ചത്. ബ്രിട്ടീഷ് നിർമ്മിത വസ്തുക്കൾ ഉപേക്ഷിക്കുകയും ഇന്ത്യൻ നിർമ്മിത വസ്തുക്കളുടെ ഉൽപാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സ്വദേശി പ്രസ്ഥാനം ആരംഭിച്ച ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി 2015 മുതൽ ഇന്ത്യയിൽ ആചരിച്ചു വരുന്നു.

## ഖാദിപ്രസ്ഥാനം

1918 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനമാണ് ഖാദി പ്രസ്ഥാനം. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഖാദിക്ക് സവിശേഷമായ സ്ഥാനമുണ്ട്. ഖാദിപ്രസ്ഥാനം ശക്തമായതോടെ ഇന്ത്യൻ ഗ്രാമങ്ങളിൽ നിന്ന് ചർക്കയുടെ ശബ്ദം ഉയർന്നു. ഖാദിവസ്ത്രത്തിന്റെ പ്രചാരം ഇന്ത്യയിലെമ്പാടും വ്യാപകമായി.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മഹാത്മാഗാന്ധി വസ്ത്രത്തെ ഒരു സമരായുധമാക്കി മാറ്റിയത് എങ്ങനെയാണ്?

ചർച്ച

ചർച്ചാ സൂചകങ്ങൾ

- ഗാന്ധിജിയും ഖാദിവസ്ത്രവും
- വിദേശവസ്ത്ര ബഹിഷ്കരണം
- സ്വദേശി പ്രസ്ഥാനവും ഗാന്ധിജിയും
- ഖാദിപ്രസ്ഥാനം

# കുറിപ്പ് തയ്യാറാക്കൽ

## അവതരണം

ഖാദിയും ചക്കയും നൂൽനൂൽപ്പും വിദേശ വസ്ത്ര ബഹിഷ്കരണവും ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാക്കി. ചർക്കയിൽ നൂൽനൂറ്റുണ്ടായ ഖാദി വസ്ത്രങ്ങളെയാണ് ഗാന്ധിജി പ്രോത്സാഹിപ്പിച്ചത്. വസ്ത്രങ്ങൾ ധരിക്കുവാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇത്തരത്തിൽ സ്വദേശിവസ്ത്രങ്ങൾ നിർമ്മിച്ച്, ഉപയോഗിച്ചുകൊണ്ട് വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിക്കാനാണ് ഗാന്ധിജി ആവശ്യപ്പെട്ടത്. വസ്ത്രത്തെയും വസ്ത്രധാരണത്തെയും സമരായുധമാക്കിക്കൊണ്ട് അദ്ദേഹം സ്വാതന്ത്ര്യസമരം ഒരു ബഹുജന പ്രക്ഷോഭമാക്കി മാറ്റി. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രതീകമായി ചർക്ക മാറി. വസ്ത്രം ധരിക്കലും ഖാദിത്തൊപ്പി അണിയലും ദേശാഭിമാനത്തിന്റെ അടയാളമായി.

ചർക്കയും ഖാദിവസ്ത്രവും ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരായുധമായി മാറിയത് എങ്ങനെ? പോസ്റ്റർ തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

വിദേശ വസ്തുങ്ങൾ ഉപേക്ഷിക്കുക. സ്വദേശി വസ്തുങ്ങൾ ധരിക്കുക.



ഏതുതരം വസ്ത്രം ധരിക്കാനാണ്
നിങ്ങൾക്ക് കൂടുതൽ ഇഷ്ടം?

- പാന്റ്സ്
- ഷർട്ട്
- ടി ഷർട്ട്

നമ്മൾ ധരിക്കുന്ന വിവിധതരം വസ്ത്രങ്ങളുടെ പട്ടിക തയ്യാറാക്കുക

വസ്ത്രധാരണ രംഗത്തെ പുത്തൻ പ്രവണതകൾക്കുള്ള കാരണങ്ങൾ എന്തൊക്കെയാകാം?

ചർച്ച

- സൗന്ദര്യസങ്കല്പത്തിൽ വന്ന മാറ്റങ്ങൾ
- പരസ്യങ്ങൾ
- സിനിമകൾ
- സമൂഹമാധ്യമങ്ങൾ
- രൂപകല്പനയിലും ശൈലിയിലും ദിനംപ്രതി ഉണ്ടാകുന്ന മാറ്റങ്ങൾ
- വ്യക്തിപരമായ താല്പര്യങ്ങൾ

പരസ്യങ്ങൾ,സിനിമകൾ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവ വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നത് എങ്ങനെയെല്ലാമാണ്?

ചർച്ച

ഫാഷൻ ഡിസൈനിങ്ങിനെക്കുറിച്ച് കേട്ടിട്ടുണ്ടോ?

ഇതൊരു തൊഴിൽ മേഖലയാണോ,പഠന മേഖലയാണോ?

ഇതിന്റെ സാധ്യതകൾ എത്രത്തോളം?

ചർച്ച

## ഫാഷൻ ഡിസൈനിംഗ്

നിറങ്ങളും രൂപങ്ങളും ഡിസൈനുകളും ഉപയോഗിച്ച് വസ്ത്രങ്ങളെ ആകർഷണീയമാക്കുന്ന സർഗ്ഗപ്രവർത്തനമാണ് ഫാഷൻ ഡിസൈനിംഗ് ആധുനികകാലത്ത് ആകർഷകമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലയാണിത്. ഫാഷൻ ഡിസൈനർമാർ, ടെക്സ്റ്റൈൽ ഡിസൈനർമാർ, മോഡലുകൾ തുടങ്ങിയ മേഖലകളിൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുണ്ട്.




ഫാഷൻ ഡിസൈനിംഗ്



എംബ്രോയിഡറി ചെയ്ത വസ്ത്രം

ഇന്ന് ഫാഷൻ ഡിസൈനിങ്, എംബ്രോയിഡറി തുടങ്ങിയ മേഖലകൾ ധാരാളം തൊഴിലവസരങ്ങൾ തുറന്നിടുന്നുണ്ട്. 'ഫാഷൻ ഡിസൈനിങ്' ഇന്ന് വലിയ തൊഴിൽ സാധ്യതയുള്ള ഒരു പഠന മേഖലയായി വളർന്നിരിക്കുന്നു.

# വസ്ത്രനിർമ്മാണരംഗത്തെ തൊഴിൽ മേഖലകൾ



# തുടർപ്രവർത്തനം

വൈവിധ്യമാർന്ന വസ്ത്രങ്ങൾ സുലഭമായി ലഭിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്.എന്നാൽ മുൻതലമുറയുടെ കാലത്ത് വസ്ത്രങ്ങളുടെ ലഭ്യത പരിമിതമായിരുന്നു. വസ്ത്രത്തിലും വസ്ത്രധാരണ രീതിയിലും വന്ന മാറ്റങ്ങളെ കുറിച്ച് വീട്ടിലെ മുതിർന്നവരോട് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക

വീട്ടിലെ പഴയ വസ്ത്രങ്ങൾ നിങ്ങൾ എന്തു ചെയ്യും?

# പേജ് 64 തലക്കെട്ടുകൾ വായന



പാഴ്‌വസ്തുങ്ങൾ കൊണ്ട് പരവതാനി
യുമായി പ്രവൃത്തിപരിചയമേളയിലെ
പ്രതിഭകൾ

പഴയ വസ്തുങ്ങൾകൊണ്ട് കരകൗശല
ഉല്പന്നങ്ങൾ നിർമ്മിക്കുന്ന
പദ്ധതിയുമായി മലപ്പുറം ജില്ലാ
പഞ്ചായത്ത്

'സാരി തരൂ..സഞ്ചി തരാം'
പദ്ധതിയുമായി വടകര നഗരസഭ

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് വസ്ത്ര
സമാഹരണയജ്ഞവുമായി സന്നദ്ധ
സംഘടനകൾ

വാങ്ങുന്ന എല്ലാ വസ്ത്രങ്ങളും നിങ്ങൾ ഉപയോഗിക്കാറുണ്ടോ?
ഉപയോഗിച്ചു കഴിഞ്ഞ വസ്ത്രങ്ങൾ കൊണ്ട് കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?

# പഴയ വസ്ത്രങ്ങൾ കൊണ്ട് എന്തൊക്കെ ചെയ്യാം?



- പരവതാനി നിർമ്മിക്കാം
- സഞ്ചികൾ നിർമ്മിക്കാം
- കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കാം
- ചവിട്ടി നിർമ്മിക്കാം
- ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എത്തിക്കാം

വസ്ത്രധാരണത്തെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ ഏതെല്ലാം?

- ശരീരസംരക്ഷണം
- ഭൂപ്രകൃതി
- കാലാവസ്ഥ
- സൗന്ദര്യസങ്കല്പങ്ങൾ
- സാംസ്കാരിക വൈവിധ്യങ്ങൾ

# പ്രവർത്തനക്കാർഡ് -2

വസ്ത്രധാരണത്തിലെ നാൾവഴികൾ നിരീക്ഷിച്ചാൽ ആദ്യകാലത്ത് ശരീരസംരക്ഷണത്തിനാണ് പ്രാധാന്യം നൽകിയിരുന്നതെന്ന് കാണാം.തുടർന്ന് ഭൂപ്രകൃതിയും കാലാവസ്ഥയും വസ്ത്രനിർമാണത്തിലും വസ്ത്രധാരണ രീതിയിലും സ്വാധീനം ചെലുത്തി. മാറിവരുന്ന സൗന്ദര്യ സങ്കല്പങ്ങളും സാംസ്കാരിക വൈവിധ്യങ്ങളും വർത്തമാനകാലത്തെ വസ്ത്രധാരണരീതിയെ സ്വാധീനിക്കുന്നു.

***<u>തുടർപ്രവർത്തനം</u>***

**നിങ്ങളുടെ വീട്ടിലെ പഴയ തുണികൾ ശേഖരിച്ച് ക്രാഫ്റ്റ് വർക്ക് ചെയ്ത് സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ പ്രദർശിപ്പിക്കൂ...**

## തുടർപ്രവർത്തനം

സ്കൂളിൽ വസ്ത്ര ശേഖരണ സെന്ററർ സ്ഥാപിച്ച് പഴയതും വൃത്തിയുള്ളതുമായ തുണികൾ ശേഖരിക്കൂ...നിങ്ങളുടെ സ്കൂളിന് സമീപത്തുള്ള വയോജന മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിടങ്ങളിൽ ടീച്ചറുടെ സഹായത്തോടെ ഇവ എത്തിച്ചു നൽകുമല്ലോ


ചന്ദ്രിക

ഇന്ന് അധ്യാപക ദിനം; തിരിച്ചറിവിന്റെ വഴികളുമായി അരുത്

# അധ്യാപനത്തിൽ വ്യത്യസ്ത രീതിയുമായി സൗമ്യേന്ദ്രൻ

സൗമ്യേന്ദ്രൻ ബോധവൽക്കരണ ക്ലാസിൽ

Kannur Edition
5 Sep, 2019 Page No. 8
Powered by : erelego.com


## അധ്യാപനത്തിന്റെ നൂതന പാഠങ്ങളുമായി സാമൂഹ്യശാസ്ത്ര അധ്യാപകൻ സൗമ്യേന്ദ്രൻ കണ്ണംവെള്ളി

പി.പി. രാമചന്ദ്രൻ


ആശയവിനിമയോപാധി എന്ന നിലയിൽനിന്ന് കുറ്റകൃത്യങ്ങളിലേക്കും ചതികളിലേക്കുമെത്തുന്ന മൊബൈൽഫോണിന്റെ ദുരുപയോഗം കൃത്യമായി മനസ്സിലാക്കി രക്ഷിതാക്കൾക്ക് കുട്ടികളെ നിരീക്ഷിക്കാനുള്ള അവസരം ക്ലാസിലൂടെ ഒരുക്കുന്ന അധ്യാപകനെക്കുറിച്ച്

# സൈബർലോകത്തെ തിരിച്ചറിവിന്റെ പാഠങ്ങൾ

***Prepared by***

**Soumyendran Kannamvelly,**

**G.T.U.P.S.Kannavam,KNR.**

***96 05 04 29 37***


സൗമ്യേന്ദ്രൻ കണ്ണംവെള്ളി ബോധവത്കരണ ക്ലാസിൽ

## സൈബർ ലോകത്തെ ചതിക്കുഴികൾ: ബോധവത്കരണവുമായി അധ്യാപകൻ


ഇന്ന് അധ്യാപക ദിനം

## 'മാഷ് മുന്നിലുണ്ട് നമ്മളെ മുന്നിലെത്തിക്കാൻ......'

കണ്ണവം കോളനിയിലെ 67 പേർക്ക് ഓൺലൈൻ പിഎസ്‌സി പരിശീലനവുമായി ഒരധ്യാപകൻ


## ഓൺലൈൻ ലളിതമാക്കാം

